# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3315. 08-11-2019 ൽ മറുപടിയ്ക്ക്

## നെൽകർഷകർക്കുള്ള ആനുകൂല്യങ്ങളിൽ വർദ്ധനവ്

**ചോദ്യം**

ശ്രീ.പി.കെ. ശശി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | ഉണ്ട്.<br>സുസ്ഥിര നെൽകൃഷി വികസനത്തിനു ഹെക്ടറിനു 1,500/- രൂപയായിരുന്നു ആനുകൂല്യം നൽകിയിരുന്നത്. ഈ സർക്കാർ നടപ്പിലാക്കിയ സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനു ഹെക്ടറിനു 5,500/- രൂപയാക്കി ആനുകൂല്യം വർദ്ധിപ്പിച്ചിട്ടുണ്ട്.<br>നെൽകൃഷിക്കുള്ള കുമ്മായ വസ്തുക്കൾ നൽകുന്നതിനുള്ള ധനസഹായം ഹെക്ടറിന് 3,000/- രൂപയിൽ നിന്ന് 5,400/- രൂപയായി വർദ്ധിപ്പിച്ചു.<br>തരിശു നിലകൃഷിക്ക് മൂന്നു വർഷത്തെ ആനുകൂല്യവും ഈ സർക്കാർ കൊണ്ടുവന്നതാണ്. അതിൻ പ്രകാരം ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000/- രൂപയും രണ്ടാം വർഷം 7,000/- രൂപയും മൂന്നാം വർഷം 4,500/- രൂപയും ആനുകൂല്യമായി നൽകുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കരനെൽകൃഷി പ്രോത്സാഹനത്തിന് ഹെക്ടറൊന്നിന് 13,600/- രൂപ നൽകാൻ ആരംഭിച്ചു.<br>മാത്രമല്ല ഒരുപ്പൂ നിലങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി ഇരുപ്പൂകൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 10,000/- രൂപ നൽകാനും വ്യവസ്ഥയുണ്ടാക്കി.<br>പദ്ധതിയധിഷ്ഠിതമായി അടിസ്ഥാന സൗകര്യ വികസനം, റൈസ് മില്ല് സ്ഥാപിക്കൽ എന്നിവയ്ക്കും ആനുകൂല്യം നൽകി വരുന്നു.<br>ഇതിനുപുറമെ ഉദ്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നത് കിലോയ്ക്ക് 26.95 രൂപയാണ്. ഇന്ത്യയിൽ നെല്ലിന് ഏറ്റവും ഉയർന്ന താങ്ങുവില |

| | | |
|---|---|---|
| | | നൽകുന്ന സംസ്ഥാനം കേരളമാണ്. കേന്ദ്രസർക്കാർ നൽകുന്ന താങ്ങുവില 18.15 രൂപ മാത്രമാണ്. സംസ്ഥാന സർക്കാർ 8.80 രൂപയും ചേർത്താണ് ഇത്രയും തുക നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലിന്റെ താങ്ങുവിലയിൽ 5.45 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. നെൽകൃഷിയ്ക്ക് ഏർപ്പെടുത്തിയ സംസ്ഥാന വിള ഇൻഷ്വറൻസ് പ്രകാരം ഹെക്ടറൊന്നിന് നൽകുന്ന നഷ്ടപരിഹാര തുക 12,500/- രൂപയായിരുന്നത് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1995-ൽ ഏർപ്പെടുത്തിയ ഇൻഷ്വറൻസ് പ്രീമിയം തുകയായ ഹെക്ടറിന് 250/- രൂപ എന്നത് വർദ്ധിപ്പിക്കാതെ തന്നെ നഷ്ടപരിഹാര തുക 35,000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവിറക്കി. |

സെക്ഷൻ ഓഫീസർ